ശ്രീ. കെ. ആർ. ഇലങ്കത്ത്: ഗ്രാൻറ് കൊടുക്കാതിരിക്കുന്ന സ്കൂളുകൾക്ക് എന്ന ഗ്രാൻറ് കൊടുക്കും?

ശ്രീ. ടി. കെ. നാരായണപിള്ള: അടുത്ത ബഡ്ജറ്റ് വർഷത്തിൽ കൊടുക്കണമെന്നാണ് ഗവണ്മെൻറ് ഉദ്ദേശിക്കുന്നത്.

Point of Order re. Resignation of Ministry

ശ്രീ. എ. സിതമ്പരനാത നാടാർ: സർ, ഒരു പായിൻറ് ആപ് ആർഡർ. இப் பட்ஜெட்டை இங்கு introduce செய்வதற்கு முன்னர், ஸ்ரீமான் டி.கெ. நாராயணபிள்ளை அவர்களின் மந்திரி சபை ராஜி வைத்தவுடன் இன்னொரு மந்திரி சபை வரும்வரை இங்கு பட்ஜெட் சம்மேளனம் நடக்கக்கூடாதென்று ஸ்பீக்கர் அவர்கள் அதை ஒத்திவைத்தீர்கள். அதே போல் இன்று மலையாளராஜ்யம் சப்ளிமென்டில் இன்று ஸ்ரீ. ஸி. கேசவன் அவர்கள் தலைமை தாங்கும் மந்திரி சபை இன்று காலை 9 மணிக்கு ராஜி வைத்ததாகக் காணப்படுகிறது.

"ശ്രീ. സി. കേശവൻ മന്ത്രിസഭ ഇന്ന രാവിലെ ൯–ാ ൦-ന് രാജിവച്ചിരിക്കുന്നു. ഇന്ന രാവിലെ ൧൧–ാ ൦-ന് കൻേറാൺമെൻറ് ഹൌസിൽവെച്ച് കൂടിയ കാൺഗ്രസ്സ് പാർലിമെൻററി പാർട്ടിയോഗത്തിൽവെച്ച് ഇൻഡ്യൻ നാഷണൽ കോൺഗ്രസ്സ് ജനറൽ സെക്രട്ടറി ശ്രീ. മോഹൻലാൽ ഈ രാജിവാർത്ത പുറപ്പെടുവിക്കുകയുണ്ടായി. ഇന്ന വൈകുന്നേരം ൫–൩൦-ന് കൂടുന്ന പാർട്ടിയോഗത്തിൽവെച്ച് പുതിയ ലീഡർ തിരഞ്ഞെടുപ്പ് നടക്കുന്നതാണ്. വീണ്ടും ശ്രീ. സി. കേശവനെ തന്നെ പാർട്ടി ലീഡറായി തെരഞ്ഞെടുക്കുമെന്ന് വിശ്വാസയോഗ്യമായി അറിയുന്നു"

மற்ற வார்த்தைகள் எனக்கு வாசிக்கத் தெரியவில்லை. அதனால் இது சம்பந்தமாக ஸ்பீக்கர் அவர்களின் ஒரு தீர்மானத்தை நான் எதிர்பார்க்கிறேன்.

Mr. Speaker: From the extract that has been read by the hon'ble Member I find that the basis on which the information has been asked for is faulty. Resignation, is to be submitted to the Rajpramukh. It is not to be made to the Cantonment House. We have nothing to do with parties. We are only concerned with the Ministers and the Ministry. The point of order is based on incorrect information. If I am authentically informed that the Ministry has submitted its resignation to the Rajapramukh that certainly is a matter that may be gone into.

ശ്രീ. പൊന്നറ ജി. ശ്രീധർ: സർ. കൻേറാൺമെൻറ് ഹൌസിൽവെച്ച് ആണ് മന്ത്രിസഭ രാജിവെച്ചത് എന്നല്ലാ പറഞ്ഞത്. അവിടെവച്ച് മന്ത്രിസഭ രാജിവെച്ചുവെന്നുള്ള വിവരം അറിഞ്ഞു എന്നാണ് പറഞ്ഞത്.

Mr. Speaker: No explanation on the subject is necessary.

ശ്രീ. പൊന്നറ ജി. ശ്രീധർ: സർ, അവിടെവച്ച് രാജിവെച്ചുവെന്നുള്ള വിവരം മി. ഗൌതമനെ അറിയിച്ചുവെന്നാണ് പറഞ്ഞത്. പത്രത്തിൽ ഈ കാര്യം പരസ്യം ചെയ്തിട്ടും ഉണ്ട്.

Mr. Speaker: Has the Member got any reliable information that the Ministry has resigned other than the newspaper report?

ശ്രീ. പൊന്നറ ജി. ശ്രീധർ: സർ, മന്ത്രിസഭ രാജിവെച്ചു എന്ന് മലയാം രാജ്യത്തിൽ കണ്ടുകൊണ്ടാണ് ഞാൻ അത് വിശ്വസിക്കുന്നത്. അതല്ലെങ്കിൽ ഞാൻ വിശ്വസിക്കയില്ലായിരുന്നു. എതായാലും, മന്ത്രിമാരോട് ഈ കാര്യം ചോദിച്ചാൽ കൊള്ളാം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. കേശവൻ: ഈ മന്ത്രിസഭ രാജിവെച്ചു എന്നു് പത്രങ്ങളിൽ കാണുന്ന പ്രസ്താവനയല്ലു് യാതൊരു അടിസ്ഥാനവുമില്ല.

ശ്രീ. കെ. എൻ. ശങ്കുണ്ണിപ്പിള്ള: സർ, അദ്ദേഹം എന്താണു് പറഞ്ഞതെന്നു ഞാൻ കേട്ടില്ല.

ശ്രീ. സി. കേശവൻ: മന്ത്രിസഭ രാജി വെച്ചിട്ടില്ലായെന്നു്.

ശ്രീ. കെ. എൻ. ശങ്കുണ്ണിപ്പിള്ള: സർ, അതു് വെറും കള്ളമാണു്.

ശ്രീ. മന്ദത്തു പത്മനാഭൻ: സർ, ഒരു പായിൻറ് ഓഫ് ഓർഡർ. മന്ത്രിസഭ രാജിവെച്ചിട്ടില്ലെങ്കിൽ ലീഡർ സ്ഥാനം രാജിവെച്ചോ എന്നറിഞ്ഞാൻ കൊള്ളാം.

മിസ്റ്റർ സ്പീക്കർ: ചോദ്യോത്തരത്തിനുള്ള സമയമാണിതു്. വിസ്തരിച്ചുള്ള വാദപ്രതിവാദങ്ങൾ ഇപ്പോൾ അനുവദിക്കാൻ നിവൃത്തിയില്ല.

Sri. T. Kochukrishna Pillai: Sir, I rise to a point of order. When a point of order has already been raised can a second point of order raised afterwards be given priority?

Mr. Speaker: When such a situation arises it will be duly considered.

ശ്രീ. മന്ദത്തുപത്മനാഭൻ: സർ, ഈ മന്ത്രിസഭ രാജിവെച്ചു എന്നും പ്രധാനമന്ത്രി ലീഡർസ്ഥാനം രാജിവെച്ചുവെന്നും ആണു് ഞാൻ വിശ്വസിക്കുന്നതു്. ആ നിലയ്ക്കു് ഇന്നത്തെ സഭാ നടപടികളിൽ ഇവർക്കു് മന്ത്രിമാരായി തുടരുവാൻ അവകാശമുണ്ടോ?

മിസ്റ്റർ സ്പീക്കർ: രാജിവെച്ചതിനുശേഷം മന്ത്രിമാരായി തുടരുവാൻ സാധിക്കുമോ ഇല്ലയോ എന്നുള്ള പ്രശ്നം ഇവിടെ ഉദിക്കുന്നില്ല. രാജിവെച്ചതായി പത്രത്തിൽ കണ്ട വാർത്ത ശരിയാണൊ അല്ലയൊ എന്നുള്ളതാണു് പ്രശ്നം. അതു ശരിയല്ലെന്നു് പ്രധാനമന്ത്രി പ്രസ്താവിച്ചു കഴിഞ്ഞു.

ശ്രീ. എം. ഐ. പാപ്പു: സർ, ഒരു പായിൻറ് ഓഫ് ഓർഡർ. മന്ത്രിസഭ രാജിവെച്ചോ ഇല്ലയൊ എന്ന പ്രശ്നത്തെപ്പറ്റി ഒരു പായിൻറ് ഓഫ് ഓർഡർ ഉന്നയിക്കുകയും അതിനു സമാധാനം പറയുകയും ചെയ്തു. വീണ്ടും ആ പ്രശ്നത്തെപ്പറ്റി ചോദ്യം ചോദിക്കുന്നതു് അനുവദിക്കത്തക്കതാണോ?

മിസ്റ്റർ സ്പീക്കർ: ഇതു ഒരു പോയിൻറ് ഓഫ് ഓർഡർ ആയി ഗണിക്കാൻ നിവൃത്തിയില്ല.

മരാമത്തു ജോലികൾ

* ൩൫൭. (൨൦) ശ്രീ. കോന്നാത്തു കുഞ്ഞിരാമമേനോൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ —

(എ) വിദ്യാഭ്യാസഡയറക്ടർക്കു് മരാമത്തുവക ചുമതലകൾ നോക്കി തീർപ്പുപ്പെടുത്തുന്നതിനു് അധികാരമുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിനു കീഴിലുള്ള സംഖ്യയുണ്ടോ?

വിദ്യാഭ്യാസവും, കൃഷിയും, തൊഴിലും വകുപ്പുമന്ത്രി (ശ്രീ. ടി. കെ. നാരായണപിള്ള:)

(എ) ഉണ്ടു്.

(ബി) ഉണ്ടു്.

ശ്രീ. കോന്നാത്തു കുഞ്ഞിരാമമേനോൻ: വിദ്യാഭ്യാസ ഡയറക്ടർക്കു് ഏതു തുകവരെ അനുവദിക്കാനുള്ള അധികാരമുണ്ടു്?

LIBRARY ARCHIVES Kerala Legislative Assembly